**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4027** **09-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് തുരങ്കപാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വയനാട് തുരങ്കപാതയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വയനാട് തുരങ്കപാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാ ക്കുന്നതിനും ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെ(കെ.ആർ.സി.എൽ) നിയോഗി ച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം ഈ പദ്ധതിയ്ക്കായി 658 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കെ.ആർ.സി.എൽ, ഡി.പി.ആർ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനകൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത തുരങ്കപാതയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ബി) | വയനാട് തുരങ്കപാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാ ക്കുന്നതിനും ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെ(കെ.ആർ.സി.എൽ) നിയോഗി ച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം ഈ പദ്ധതിയ്ക്കായി 658 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കെ.ആർ.സി.എൽ, ഡി.പി.ആർ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനകൾ നടന്നു വരുന്നു. |
| (സി) | തുരങ്കപാതകൾ നിർമ്മിക്കുന്നതിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള പ്രാഥമിക | (സി) | പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാഥമിക ജിയോളജിക്കൽ, ജിയോ ടെക്നിക്കൽ പഠനം |

| | | | |
|---|---|---|---|
| | ജിയോളജിക്കൽ ജിയോ ടെക്നിക്കൽ പഠനം പ്രസ്തുത പാതയ്ക്ക് വേണ്ടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; റിപ്പോർട്ട് ലഭ്യമാക്കുമോ; | | എസ്.പി.വി.ആയ കെ.ആർ.സി.എൽ. M/s.Qmax Techno Consultants Pvt. Ltd എന്ന സ്ഥാപനം വഴി നടപ്പിലാക്കി. ഡി.പി.ആറിൽ ഉൾപ്പെടുത്തി സമർപ്പിച്ച പഠന റിപ്പോർട്ട് പരിശോധന ഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത തുരങ്കപാതയ്ക്ക് വേണ്ടി പരിസ്ഥിതി ആഘാത നിർണ്ണയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; അതിനു വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; റിപ്പോർട്ടിലെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ